**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1010** **10-06-2021 - ൽ മറുപടിയ്ക്ക്**

**വുമൺ-മെൻ ഹോസ്റ്റലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri. K. Rajan**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | തിരുവനന്തപുരം പോലെയുള്ള മെട്രോ നഗരങ്ങളിൽ കൂടുതൽ ഫ്ലാറ്റ് സമുച്ചയങ്ങൾ ഭവന നിർമ്മാണ ബോർഡിനുകീഴിൽ ആരംഭിക്കുന്നതിന് നടപടി ഉണ്ടാകുമോ; അറിയിക്കാമോ; | (എ) | തിരുവനന്തപുരത്ത് അമ്പലനഗറിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 63.75 സെന്റ് സ്ഥലത്ത് ഉപഭോക്താക്കളിൽ നിന്നും മുൻകൂർ പണം വാങ്ങി പാരസ്പര്യം മാതൃകയിൽ 13 നിലകളിലായി ആകെ 88 ഫ്ലാറ്റ് നിർമ്മിക്കുന്ന പദ്ധതിയ്ക്ക് സ.ഉ.(കൈ)നം.8/2020/ഭവനം തീയതി 11/09/2020 പ്രകാരവും, നെട്ടയത്ത് ബോർഡിന്റെ ഭവനപദ്ധതിയിൽ alternate land ആയി കിടക്കുന്ന 63.66 സെന്റ് ഭൂമിയിൽ 8 നിലകളിലായി ആകെ 66 ഫ്ലാറ്റുകൾ ഉപഭോക്താക്കളിൽ നിന്നും മുൻകൂർ പണം വാങ്ങി പാരസ്പര്യം മാതൃകയിൽ നിർമ്മിക്കുന്ന പദ്ധതിയ്ക്ക് സ.ഉ.(കൈ)നം.7/2020/ഭവനം തീയതി 11/09/2020 പ്രകാരവും ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ടെൻഡർ ചെയ്തു നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഭവന നിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ ആധുനിക രീതിയിൽ സർക്കാർ ഉദ്യോഗസ്ഥർക്കായി വുമൺ-മെൻ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ? | (ബി) | ഭവന നിർമ്മാണ ബോർഡ് കേന്ദ്ര /സംസ്ഥാന സർക്കാർ സഹായത്തോടെ വിവിധ ജില്ലകളിൽ വർക്കിംങ് വിമെൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. I നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തിക്കുന്നവ : കിടക്കകളുടെ എണ്ണം 1. മുട്ടം - ഇടുക്കി 180 2. മുട്ടം,അഡീഷണൽ ബ്ലോക്ക്-ഇടുക്കി 74 3. ഗാന്ധിനഗർ-കോട്ടയം 186 4. പുല്ലഴി-തൃശ്ശൂർ 122 5. കാക്കനാട് -എറണാകുളം 121 6. കിഴക്കേ ചാലക്കുടി-തൃശ്ശൂർ 71 7. ചേവയൂർ-കോഴിക്കോട് 151 8. ഇടപ്പിളി-എറണാകുളം 92 9. മുളംകുന്നത്തുകാവ്-തൃശ്ശൂർ 142 10. കട്ടപ്പന-ഇടുക്കി 125 11. എൻ.സി.സി. നഗർ-തിരുവനന്തപുരം 73 12. മാനന്തവാടി-വയനാട് 169 II നിർമ്മാണം ആരംഭിച്ചത് മാഥൂർ - കാസറഗോഡ് 109 III ഉടൻ നിർമ്മാണം ആരംഭിക്കുന്നത് ഗാന്ധിനഗർ കോട്ടയം- |

| | | | |
|---|---|---|---|
| | | | അഡീഷണൽ ബ്ലോക്ക് 64 മെൻസ് ഹോസ്റ്റലുകൾ നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ